**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3923** **17-03-2025 - ൽ മറുപടിയ്ക്ക്**

**പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2021 വർഷം അനുമതി ലഭിച്ച പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് നാലാം ഘട്ടത്തിലാണ് പ്രവൃത്തി ഉത്തരവ് നൽകിയിരുന്നത്. പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ചറൽ വർക്കുകളും, റൂഫിംഗ് ഷീറ്റ് വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സൂപ്പർ സ്ട്രക്ചറൽ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി 30.04.2025 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ; | (ബി) | പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് നാലാം ഘട്ടത്തിലാണ് പ്രവൃത്തി ഉത്തരവ് നൽകിയിരുന്നത്. പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ചറൽ വർക്കുകളും, റൂഫിംഗ് ഷീറ്റ് വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സൂപ്പർ സ്ട്രക്ചറൽ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി 30.04.2025 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി ഏതാണെന്നും എത്ര തുകയുടെ പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനേയും നിർമ്മാണ ഏജൻസിയായി തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റിയെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഫൗണ്ടേഷൻ പ്രവൃത്തിയും, പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ചറൽ വർക്കുകളും, റൂഫിംഗ് ഷീറ്റ് വർക്കുകളും പൂർത്തിയായ ഇനത്തിൽ (മൊബിലൈസേഷൻ അഡ്വാൻസ് ഉൾപ്പെടെ) ആകെ 92,15,673/- |

| | | | |
|---|---|---|---|
| | | | രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ